(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 630 സംഘങ്ങൾ.

(ബി) 1996-ൽ 302 സംഘങ്ങൾക്കും 1999-ൽ 31 സംഘങ്ങൾക്കും അഫിലിയേഷൻ നൽകി. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1 -ൽ ചേർത്തിരിക്കുന്നു.†

1997-1998 വർഷങ്ങളിൽ അഫിലിയേഷൻ നൽകിയിട്ടില്ല.

(സി) മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം-II ൽ ചേർത്തിരിക്കുന്നു.†

(ഡി) 31.3.98 വരെ ലഭിച്ച അപേക്ഷകളിൽ ന്യൂനതയില്ലാത്ത എല്ലാ സംഘങ്ങൾക്കും ട്രേഡുയൂണിയൻ പരിഗണനയില്ലാതെ അഫിലിയേഷൻ നല്കിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

5 (1219) മീൻകുന്ന് ബീച്ചിൽ അക്വേറിയം സ്ഥാപിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മീൻകുന്ന് ബീച്ചിൽ ഒരു അക്വേറിയം സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) അക്വേറിയം എപ്പോൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) മീൻകുന്ന് ബീച്ചിൽ അക്വേറിയം സ്ഥാപിക്കുവാനുള്ള ബാദ്ധ്യതകൾ ഉണ്ടോ എന്നുള്ള കാര്യം പരിശോധനയിലാണ്.

6 (1220) തിക്കോടി പുലിമുട്ട് നിർമ്മാണം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി പുലിമുട്ട് നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly